(ഡി) പ്രസ്തുത ആളുകളിൽ നിന്നും പിടിച്ചെടുത്ത പണവും രേഖകളും ചെക്കുകളും മറ്റ് വസ്തുക്കളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം 2700 കേസ്സുകൾ എടുത്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 3393 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇനിയും 549 പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു. ടി കേസ് ഇപ്പോൾ അന്വേഷണ ഘട്ടത്തിലാണ്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന 106 ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളും 2896 പണമിടപാടുകാരെയും കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത ആളുകളിൽ നിന്നും പിടിച്ചെടുത്ത പണവും രേഖകളും ചെക്കുകളും മറ്റ് വസ്തുക്കളും സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

റോഡ് സുരക്ഷ ക്യാമറകൾ

176 (3686) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ മുൻനിർത്തി സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പ്രവർത്തന രഹിതമായാൽ ആയത് വേഗത്തിൽ ശരിയാക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്യാമറയുടെ അറ്റകുറ്റപണികൾ നടത്തുന്ന കെൽട്രോണിന് കുടിശ്ശിക തുക നൽകാനുണ്ടോ;

(സി) പോലീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്യാമറയുടെ ചെലവുകൾ വകുപ്പിലെ തന്നെ വരുമാനം ഉപയോഗിച്ച് (ഹെൽമറ്റ് വേട്ട തുടങ്ങി) സ്ഥിരമായി സെറ്റിൽ ചെയ്യുന്നതിന് സംവിധാനമുണ്ടാകുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള കമ്പനിയായ കെൽട്രോണുമായി ബന്ധപ്പെട്ട്, പ്രവർത്തനരഹിതമാകുന്ന ക്യാമറകളുടെ തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly